3. ബിവറേജസ് കോർപ്പറേഷൻ പുതുതായി ചില്ലറ വില്പന ശാലകൾ, കൺസ്യൂമർഫെഡിന്റെ വിൽപനശാലകൾക്കടുത്തുതന്നെ തുടങ്ങിയത്.

4. കൺസ്യൂമർഫെഡിന് വിൽപ്പനയിൽ ഈടാക്കാവുന്ന 20 ശതമാനം അധിക വിലയിൽ (മാർജിൻ) 13.65 ശതമാനം കിസ്താായും, 6 ശതമാനം ടേൺ ഓവർ ടാക്സായും സർക്കാരിന് നൽകേണ്ടി വരുന്നതിനാൽ ബാക്കി സകല ചെലവുകൾക്കുമായി 0.5 ശതമാനത്തിൽ താഴെ മാത്രം ഫെഡറേഷന് ലഭിക്കുന്ന സാഹചര്യം നിലവിലുള്ളത്.

5. കൺസ്യൂമർ ഫെഡിന് വിദേശ മദ്യം നൽകുന്ന സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ 45 ദിവസം മുതൽ 90 ദിവസം വരെ ഉല്പാദകർ കടം നൽകുമ്പോൾ, ബിവറേജസ് കോർപ്പറേഷനിൽ നിന്ന് കൺസ്യൂമർ ഫെഡറേഷൻ മുൻകൂർ വില നൽകി വിദേശ മദ്യം വാങ്ങേണ്ടി വരുന്നത്.

6. ചാരായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളിൽ കൺസ്യൂമർഫെഡിൽ പുനരധിവസിപ്പിക്കപ്പെട്ടവർക്ക് നൽകുന്ന ശമ്പളത്തിന്റെ 15 ശതമാനം പ്രസ്തുത ക്ഷേമനിധി ബോർഡിന് ലെവിയായി നൽകേണ്ടി വരുന്നത്.

7. 2002 ജൂലായ് മുതൽ 2002 ഡിസംബർ വരെ കിസ്ത് തുക മുൻകൂർ അടയ്ക്കേണ്ടി വന്നതിനാൽ ഏകദേശം 8 കോടി രൂപ ആ ഇനത്തിൽ നേരത്തേ നൽകേണ്ടി വരികയും കടം വാങ്ങിയ തുക കൊണ്ട് നടത്തുന്ന വിദേശ മദ്യ ബിസിനസ്സിനെ ബാധിക്കുകയും ചെയ്തു.

8. ബിവറേജസ് കോർപ്പറേഷൻ വർദ്ധിപ്പിച്ച നിരക്കിൽ കൺസ്യൂമർ ഫെഡിലെ അബ്കാരി തൊഴിലാളികളുടെയും ശമ്പളം വർദ്ധിപ്പിക്കേണ്ടി വന്നു. തുടങ്ങിയവയാണ് കാരണങ്ങൾ.

വ്യവസായ സംരംഭങ്ങൾക്ക് ഗവൺമെന്റ് നൽകുന്ന സഹായങ്ങൾ

23 (*263) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ സംരംഭങ്ങൾക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്രപേർക്ക് ഇത്തരം സഹായം നൽകി ;

(സി) പുതുതായി എന്തെങ്കിലും സഹായങ്ങളോ ഇളവുകളോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ)

1. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിനും, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ആവശ്യമായ വിവരം നൽകുന്നു.
2. വ്യവസായ സംരംഭകത്വ പരിശീലനം, ടെക്നോളജി ക്ലിനിക്കുകൾ ഇവ സംഘടിപ്പിക്കുന്നു.
3. പ്രോജക്ടു റിപ്പോർട്ടുകൾ പരിശോധിച്ച് വായ്പ അനുവദിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങൾക്ക് ശുപാർശ ചെയ്യുന്നു.
4. വ്യവസായം തുടങ്ങുന്നതിനാവശ്യമായ ലൈസൻസുകൾ, പെർമിറ്റുകൾ എന്നിവ ലഭിക്കുവാൻ ഏകജാലക ക്ലിയറൻസ്-ഗ്രീൻ ചാനൽ ക്ലിയറൻസ് ,സൗകര്യം ലഭ്യമാക്കുന്നു.
5. ധനകാര്യസ്ഥാപനങ്ങൾ വായ്പ അനുവദിക്കുമ്പോൾ സംരംഭകന്റെ നിക്ഷേപമായി നിഷ്ക്കർഷിക്കുന്ന തുകയുടെ ഒരു ഭാഗം മാർജിൻമണി വായ്പയായി അനുവദിക്കുന്നു.
6. വ്യവസായ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ച ശേഷം മൂലധന നിക്ഷേപത്തിന്റെ നിശ്ചിത ശതമാനം തുക നിക്ഷേപ സബ്സിഡിയായി നൽകുന്നു.
7. ഉൽപ്പന്നങ്ങളുടെ വിപണനത്തിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നു. പൊതുസേവന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സഹായങ്ങൾ ചെയ്തുകൊടുക്കുന്നു.
8. വ്യവസായ സഹകരണ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തവും ധനസഹായവും നൽകുന്നു.
9. അടിസ്ഥാന സൗകര്യ വികസനത്തിനായി വികസന പ്ലോട്ടുകളിലും വികസന പ്രദേശങ്ങളിലും വികസന പ്രവർത്തനങ്ങൾ നടത്തുന്നു. മാത്രമല്ല മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഭൂമി നൽകുന്നു.
10. സാങ്കേതിക വിദ്യാ ഇൻകുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിച്ച് ഭക്ഷ്യ സംസ്ക്കരണം, ഇലക്ട്രോണിക് ജൈവ സാങ്കേതിക വിദ്യ മുതലായ പുരോഗമന മേഖലകളിൽ വേണ്ട സഹായം നൽകുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3194 ചെറുകിട വ്യവസായ യൂണിറ്റുകൾക്കും, 42 വൻകിട വ്യവസായ യൂണിറ്റുകൾക്കും മൂലധന

LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപ സബ്സിഡി നൽകുകയുണ്ടായി. മാത്രമല്ല 803 ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വിത്ത് മൂലധന വായ്പയും 28 വ്യവസായ സഹകരണ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തവും 41 വ്യവസായ സഹകരണ സംഘങ്ങൾക്ക് ധനസഹായവും നൽകുകയുണ്ടായി.

(സി) താഴെപ്പറയുന്ന ചില പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ട്.

(1) വ്യവസായ സമുച്ചയ പദ്ധതി (2) വിപണന പദ്ധതി (3) വിപണന പ്രചോദനം (4) മാർജിൻമണി/സീഡ് ക്യാപ്പിറ്റൽ ലോൺ എന്നിവ വാങ്ങി കുടിശ്ശിക വരുത്തിയ വ്യവസായങ്ങൾക്ക് സഹായമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

പരിയാരം മെഡിക്കൽ കോളേജിന്റെ വികസനം

24 (*T264) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം മെഡിക്കൽ കോളേജ് ഒരു മികച്ച സ്ഥാപനമാക്കി തീർക്കുന്നതിന് എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി എന്ത് ചെലവ് വേണ്ടി വരുമെന്ന് പറയാമോ ; ഈ സ്ഥാപനത്തിൽ ശസ്ത്രക്രിയയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ)

1. ആധുനിക ചികിത്സാരംഗത്തെ മുഴുവൻ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ഒരുക്കിക്കൊണ്ട് കുറഞ്ഞ നിരക്കിൽ ചികിത്സ ലഭ്യമാക്കുക.
2. ഇതിനകം ഒരുക്കിക്കഴിഞ്ഞ സി.ടി. സ്കാൻ, കോബാൾട്ട് തെറാപ്പി, ഡയാലിസിസ് മെഷീൻ, ബ്റോംകോസ്സ് കോപ്പി, എൻഡോസ്കോപ്പി എന്നിവയ്ക്കു പുറമേ എം.ആർ.ഐ. സ്കാനിംഗ് അടക്കമുള്ള അത്യാധുനിക ഉപകരണങ്ങൾ കൂടി ഒരുക്കാൻ ഉദ്ദേശിക്കുന്നു.
3. പതിനാറ് ഓപ്പറേഷൻ തീയേറ്ററുകൾ അടങ്ങുന്ന തീയേറ്റർ സമുച്ചയത്തിൽ എല്ലാതരം ശസ്ത്രക്രിയകളും ചെയ്യുവാനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്.
4. വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി വരുന്നു.

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly